**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 942** **10-06-2021 - ൽ മറുപടിയ്ക്ക്**

**വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ഇരുപത്തി ഒൻപത് തൊഴിൽ നിയമങ്ങൾ ഏകീകരിച്ചും പന്ത്രണ്ട് നിയമങ്ങൾ റദ്ദാക്കിയും കേന്ദ്ര സർക്കാർ കൊണ്ടുവന്ന നാല് കോഡുകൾ സംസ്ഥാനത്തെ തൊഴിലാളി താൽപര്യങ്ങളെ എപ്രകാരം ബാധിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 4 കോഡുകളിലും തൊഴിലാളികൾക്ക് ദോഷകരമായ വ്യവസ്ഥകൾക്ക്, സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കുന്ന വിധത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കും. നിലവിൽ കോഡ് ഓൺ വേജസിന്റെ സംസ്ഥാന ചട്ടങ്ങളുടെ കരട് സർക്കാർ പരിശോധിച്ചു വരികയാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കോഡ് ഓൺ വേജസിന്റെ ചട്ടങ്ങളിൽ തൊഴിൽ മേഖലകളെ അൺസ്കിൽഡ്, സ്കിൽഡ്, സെമി-സ്കിൽഡ്, ഹൈലി സ്കിൽഡ് എന്നിങ്ങനെ 4 മേഖലയായി തരംതിരിച്ചാണ് മിനിമം വേതനം കണക്കാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കേരളത്തിലെ ഓരോ തൊഴിലിനെയും ഈ നാല് വിഭാഗത്തിൽ Map ചെയ്ത് മിനിമം വേതനം നിശ്ചയിക്കേണ്ടി വരും. കേന്ദ്ര സർക്കാരിന്റെ കോഡ് ഓൺ വേജസ് പ്രകാരം ഒരു തൊഴിലാളിയുടെ ജോലി സമയം ഒരു ദിവസം 9 മണിക്കൂർ ആയും സ്പ്രെഡ് ഓവർ 12 മണിക്കൂർ ആയും പ്രത്യേക സാഹചര്യത്തിൽ സ്പ്രെഡ് ഓവർ 16 മണിക്കൂർ ആയും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഇത് 8 മണിക്കൂർ ജോലി സമയം ആയും 1 മണിക്കൂർ വിശ്രമം ഉൾപ്പെടെ സ്പ്രെഡ് ഓവർ 10.5 മണിക്കൂർ ആയും വ്യവസ്ഥ ചെയ്യണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മറ്റ് 3 കോഡുകൾക്കുള്ള സംസ്ഥാന ചട്ടങ്ങൾ തയ്യാറാക്കി വരികയാണ്. |
| (ബി) | പ്രസ്തുത കോഡുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ചട്ടം രൂപീകരിച്ചിട്ടുണ്ടോ; | (ബി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 4 കോഡുകളിലും തൊഴിലാളികൾക്ക് ദോഷകരമായ വ്യവസ്ഥകൾക്ക്, സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കുന്ന വിധത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കും. നിലവിൽ |

| | | | |
|---|---|---|---|
| | | | കോഡ് ഓൺ വേജസിന്റെ സംസ്ഥാന ചട്ടങ്ങളുടെ കരട് സർക്കാർ പരിശോധിച്ചു വരികയാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കോഡ് ഓൺ വേജസിന്റെ ചട്ടങ്ങളിൽ തൊഴിൽ മേഖലകളെ അൺസ്കിൽഡ്, സ്കിൽഡ്, സെമി-സ്കിൽഡ്, ഹൈലി സ്കിൽഡ് എന്നിങ്ങനെ 4 മേഖലയായി തരംതിരിച്ചാണ് മിനിമം വേതനം കണക്കാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കേരളത്തിലെ ഓരോ തൊഴിലിനെയും ഈ നാലു വിഭാഗത്തിൽ Map ചെയ്ത് മിനിമം വേതനം നിശ്ചയിക്കേണ്ടി വരും. കേന്ദ്ര സർക്കാരിന്റെ കോഡ് ഓൺ വേജസ് പ്രകാരം ഒരു തൊഴിലാളിയുടെ ജോലി സമയം ഒരു ദിവസം 9 മണിക്കൂർ ആയും സ്പ്രെഡ് ഓവർ 12 മണിക്കൂർ ആയും പ്രത്യേക സാഹചര്യത്തിൽ സ്പ്രെഡ് ഓവർ 16 മണിക്കൂർ ആയും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഇത് 8 മണിക്കൂർ ജോലി സമയം ആയും 1 മണിക്കൂർ വിശ്രമം ഉൾപ്പെടെ സ്പ്രെഡ് ഓവർ 10.5 മണിക്കൂർ ആയും വ്യവസ്ഥ ചെയ്യണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മറ്റ് 3 കോഡുകൾക്കുള്ള സംസ്ഥാന ചട്ടങ്ങൾ തയ്യാറാക്കി വരികയാണ്. |
| (സി) | എങ്കിൽ പ്രസ്തുത ചട്ടങ്ങളിൽ തൊഴിലാളി താൽപര്യ സംരക്ഷ നിബന്ധനകൾ ഉൾക്കൊള്ളിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 4 കോഡുകളിലും തൊഴിലാളികൾക്ക് ദോഷകരമായ വ്യവസ്ഥകൾക്ക്, സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കുന്ന വിധത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കും. നിലവിൽ കോഡ് ഓൺ വേജസിന്റെ സംസ്ഥാന ചട്ടങ്ങളുടെ കരട് സർക്കാർ പരിശോധിച്ചു വരികയാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കോഡ് ഓൺ വേജസിന്റെ ചട്ടങ്ങളിൽ തൊഴിൽ മേഖലകളെ അൺസ്കിൽഡ്, സ്കിൽഡ്, സെമി-സ്കിൽഡ്, ഹൈലി സ്കിൽഡ് എന്നിങ്ങനെ 4 മേഖലയായി തരംതിരിച്ചാണ് മിനിമം വേതനം കണക്കാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കേരളത്തിലെ ഓരോ തൊഴിലിനെയും ഈ നാലു വിഭാഗത്തിൽ Map ചെയ്ത് മിനിമം വേതനം നിശ്ചയിക്കേണ്ടി വരും. കേന്ദ്ര സർക്കാരിന്റെ കോഡ് ഓൺ വേജസ് പ്രകാരം ഒരു തൊഴിലാളിയുടെ ജോലി സമയം ഒരു ദിവസം 9 മണിക്കൂർ ആയും സ്പ്രെഡ് ഓവർ 12 മണിക്കൂർ ആയും പ്രത്യേക സാഹചര്യത്തിൽ സ്പ്രെഡ് ഓവർ 16 മണിക്കൂർ ആയും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഇത് 8 മണിക്കൂർ ജോലി സമയം ആയും 1 മണിക്കൂർ വിശ്രമം ഉൾപ്പെടെ സ്പ്രെഡ് ഓവർ 10.5 മണിക്കൂർ ആയും വ്യവസ്ഥ ചെയ്യണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മറ്റ് 3 |

| | | | |
|---|---|---|---|
| | | | കോഡുകൾക്കുള്ള സംസ്ഥാന ചട്ടങ്ങൾ തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ